"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കൊച്ചി കോർപ്പറേഷനിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ.ആകാശ്.എസ് ന് പ്രത്യേക അവശതാവധി അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.246/2025/LSGD തീയതി,തിരുവനന്തപുരം, 24-01-2025

---

പരാമർശം:-
1. ശ്രീ.ആകാശ്.എസ് സമർപ്പിച്ച 25.10.2024 ലെ അവധി അപേക്ഷ
2. കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറിയുടെ 10.12.2024 ലെ 1604805-2024 നം. സാക്ഷ്യപത്രം.
3. പ്രിൻസിപ്പൽ ഡയറക്ടറുടെ 30.12.2024 ലെ LSGD/PD/43308/2024-DEF2 നമ്പർ കത്ത്

**ഉത്തരവ്**

കൊച്ചി മുനിസിപ്പൽ കോർപ്പറേഷനിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ.ആകാശ്.എസ് - ന് ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടെ അപകടം സംഭവിക്കുകയും കാലിന് ഒടിവ് സംഭവിച്ചതിനെ തുടർന്ന് 27.06.2024 മുതൽ 24.10.2024 വരെ അവധിയിലായിരുന്നുവെന്നും ടി കാലയളവിൽ പ്രത്യേക അവശതാവധി അനുവദിക്കുന്നതിനായി സൂചന (1) പ്രകാരമുള്ള അവധി അപേക്ഷയും സഹപത്രങ്ങളും പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്ത് സൂചന (3) പ്രകാരം ലഭ്യമാക്കിയിരുന്നു. കൊച്ചി കോർപ്പറേഷനിലെ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ.ആകാശ് എസ് 27.06.2024 ൽ ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടെ (ലീഗൽ വിഭാഗം സൂപ്രണ്ടിന്റെ നിർദേശാനുസരണം അഡ്വക്കേറ്റ് ഓഫീസിൽ കൗണ്ടർ അഫിഡവിറ്റ് എത്തിക്കുന്നതിനായി പോകുമ്പോൾ) കൊച്ചി നഗരസഭ ഓഫീസിൽ വെച്ച് ടൈലിട്ട തറയിൽ സ്ലിപ്പ് ചെയ്ത് വീണ് ജനറൽ ഹോസ്പ്പിറ്റലിൽ ചികിത്സ തേടിയപ്പോൾ കാൽ ഒടിഞ്ഞതായി അറിയിക്കുകയും തുടർന്ന് 24.10.2024 വരെ ഡോക്ടറുടെ നിർദ്ദേശാനുസരണം വിശ്രമത്തിലായിരുന്നു എന്ന വിവരം മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ കൂടി അടിസ്ഥാനത്തിൽ കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി സൂചന (2) പ്രകാരം സാക്ഷ്യപ്പെടുത്തിയിരിക്കുന്നു.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. മേൽ സാഹചര്യത്തിൽ കൊച്ചി കോർപ്പറേഷനിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ ആകാശ് എസ്-ന് 27.06.2024 മുതൽ 23.10.2024 വരെ (119 ദിവസത്തേയ്ക്ക്) കെ.എസ്.ആർ, ഭാഗം 1, ചട്ടം 98 പ്രകാരം പ്രത്യേക അവശത അവധി അനുവദിച്ച്കൊണ്ടും 24.10.2024 ന് ടിയാന് അർഹമായ മറ്റ് അവധി അനുവദിക്കുന്നതിന്

നിർദേശം നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അഞ്ജലിദേവി എ ജി
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, എൽ.എസ്.ജി.ഡി, തിരുവനന്തപുരം

സെക്രട്ടറി, കൊച്ചി കോർപ്പറേഷൻ

ശ്രീ.ആകാശ്.എസ്, ഓഫീസ് അറ്റൻഡന്റ്, കൊച്ചി കോർപ്പറേഷൻ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 25-01-2025 10:24:44
സെക്ഷൻ ഓഫീസർ